# ചിത്രാഞ്ജലി സ്റ്റുഡിയോ

**തിരുവല്ലം, തിരുവനന്തപുരം–27**

**(ഒരു കെ.എസ്.എഫ്.ഡി.സി യൂണിറ്റ്)**

**ഫോൺ: 0471–2381450, 51, 52**

**ഇ–മെയിൽ: chitranjalistudio@yahoo.com**


നം: 13/സി.എസ്/എസ്റ്റേറ്റ്/2019 01/03/2019

## ടെണ്ടർ നോട്ടീസ്

പൂന്തോട്ട പരിപാലന ജോലികൾ കരാറടിസ്ഥാനത്തിൽ നടത്തുവാൻ പരിചയ സമ്പന്നരായ ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിയ്ക്കുന്നു. ടെണ്ടർ സ്വീകരിയ്ക്കുന്ന അവസാന തീയതി **: 15–03–2019**. കൂടുതൽ വിവരങ്ങൾക്ക് **www.ksfdc.in** സന്ദർശിക്കുക.

**ഫോൺ: 9961968135**.

ഒപ്പ്

**സ്റ്റുഡിയോ മാനേജർ i/c.**

# ചിത്രാഞ്ജലി സ്റ്റുഡിയോ
# തിരുവല്ലം, തിരുവനന്തപുരം–27

**(ഒരു കെ.എസ്.എഫ്.ഡി.സി യൂണിററ്)**
**ഫോൺ: 0471–2381451, 52, 50**
**ഇ–മെയിൽ chitranjalistudio@yahoo.com**
**വെബ്സൈററ്: www.ksfdc.in**

നം: 13/സി.എസ്/എസ്റ്റേററ്/2019 01/03/2019

## കാടുകൾ നീക്കം ചെയ്ത് പൂന്തോട്ട പരിപാലന ടെണ്ടർ നോട്ടീസ്

ചിത്രാഞ്ജലി സ്റ്റുഡിയോയിലെ കാടുകൾ നീക്കം ചേയ്ത് പൂന്തോട്ട പരിപാലന ജോലികൾ ഒരു വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ ഏറെറടുത്ത് നടത്തുന്നതിന് ഈ രംഗത്ത് പരിചയ സമ്പന്നരായ കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലൂടെ ടെണ്ടർ ക്ഷണിയ്ക്കുന്നു.

ടെണ്ടർ വ്യവസ്ഥകൾ :

1) ടെണ്ടർ സമർപ്പിക്കുന്നതിന് മുമ്പ് സ്റ്റുഡിയോ സന്ദർശിച്ച് വിസ്തൃതിയും ജോലികളുടെ അളവും സ്വഭാവവും ബന്ധപ്പെട്ടവരുമായി സംസാരിച്ച് കൂടുതൽ വിശദാംശങ്ങൾ തേടേണ്ടതാണ്.

2) ഈ രംഗത്ത് ചിത്രാഞ്ജലി സ്റ്റുഡിയോയിലേതുപോലെ വിസ്തീർണ്ണമുളള പൂന്തോട്ട പരിപാലനത്തിൽ രണ്ട് വർഷത്തിൽ കുറയാത്ത സേവന പരിചയമുളള വരും ഇപ്പോൾ സമാനമായ ജോലികൾ ചെയ്യുന്നവരും മാത്രം ടെണ്ടർ സമർപ്പി ച്ചാൽ മതി. ടെണ്ടറിനോടൊപ്പം പ്രവർത്തി പരിചയ സർട്ടിഫിക്കററുകൾ ടെണ്ടർ ഫോറത്തിന്റെ വില, നിരതദ്രവ്യം എന്നിവയില്ലാത്ത ടെണ്ടറുകൾ നിരസിയ്ക്കുന്ന താണ്.

3) **ടെണ്ടറിൽ പങ്കെടുക്കുന്ന ഏജൻസി സർക്കാർ നിഷ്ക്കർഷിച്ചിട്ടുളള സേവന വേതന വ്യവസ്ഥ അംഗീകരിക്കേണ്ടതും തൊഴിലാളികൾക്ക് നൽകേണ്ടതുമാണ്. അതോടൊപ്പം ടെണ്ടറിൽ പങ്കെടുക്കുന്ന ഏജൻസിക്ക് ജി.**എസ്.**ററി, പാൻ കാർഡ്,** ഇ.എസ്.ഐ.സി, **ഇ.പി.എഫ്, ലേബർ ഓഫീസ് രജിസ്ട്രേഷൻ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. ജീവനക്കാരുടെ ഇ.പി.എഫ്, ഇ.എസ്.** ഐ.സി**, ലേബർ ഓഫീസ് രജിസ്ട്രേഷൻ ലിസ്റ്റും ടെണ്ടറിനൊപ്പം ഹാജരാക്കേ ണ്ടതാണ്.**

4) കെ.എസ്.എഫ്.ഡി.സി. യുടെ വിവിധ യൂണിററുകളിൽ കരാർ കാലാവധിക്ക് ഉളളിൽ തൃപ്തികരമായ സേവനം നല്കാത്തതിനാൽ സേവനം അവസാനിപ്പിച്ച ഏജൻസികളുടെ ടെണ്ടർ പരിഗണിക്കുന്നതല്ല.

5) കരാർ ലഭിക്കുന്ന ഏജൻസികൾ നിയോഗിക്കുന്ന തൊഴിലാളികളുടെ തൊഴിൽ പരമായ പൂർണ്ണ ഉത്തരവാദിത്വം കരാർ ഏജൻസിക്ക് മാത്രമായിരിക്കും. തൊഴിലാളികളും മാനേജ്മെന്റുമായി യാതൊരുവിധ തൊഴിലാളി-തൊഴിലുടമ ബന്ധവും ഉണ്ടായിരിക്കുന്നതല്ല. തൊഴിലാളികൾക്ക് യൂണിഫോമും ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡും ഏജൻസി നൽകേണ്ടതും തൊഴിലാളികൾ അവ ധരിച്ച് തൊഴിൽ ചെയ്യുന്നു എന്നുറപ്പിക്കേണ്ടതുമാണ്.

6) കാരാറുകാരനും തൊഴിലാളികളും സ്റ്റുഡിയോ മാനേജരോ മററു ചുമതലക്കാരോ അപ്പപ്പോൾ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്. സ്റ്റുഡിയോയിൽ വരുന്ന സന്ദർശകർ, സിനിമ-സീരിയൽ പ്രൊഡക്ഷനുമായി ബന്ധപ്പെട്ട് വരുന്നവരുമായി അങ്ങേയററം സൗഹൃദപരമായി തൊഴിലാളികൾ പെരുമാറണം. സ്റ്റുഡിയോയുടെ സൽപ്പേരിനു കളങ്കം വരുത്തുന്ന രീതിയിലും തൃപ്തികരമല്ലാതെയും പ്രവർത്തിക്കുന്ന തൊഴിലാളികളെ ജോലിയിൽ നിന്ന് മാററി നിറുത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

7) മേൽ പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി കാടുകൾ നീക്കം ചെയ്ത് പൂന്തോട്ട പരിപാലന ജോലികൾ കരാർ അടിസ്ഥാനത്തിൽ ഏറെറടുത്ത് നടത്തുന്നതിന് തൊഴിലാളികളുടെ വേതനം, ഉപയോഗിക്കുന്ന വളം, കീടനാശിനി, കുമിൾ നാശിനി, കള നാശിനി, ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവയുടെ പ്രതിമാസം നൽകേണ്ട നികുതി അടക്കമുളള പരമാവധി തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്. ടെണ്ടർ ഡോക്യുമെന്റിന്റെ എല്ലാ പേജിലും ടെണ്ടറർ ഒപ്പിട്ട് മുദ്ര വെച്ച് വേണം സമർപ്പിക്കേണ്ടത്.

8) കരാർ ലഭിക്കുന്ന ഏജൻസി 200/- രൂപ മുദ്ര പത്രത്തിൽ സ്റ്റുഡിയോ മാനേജരുമായി വിശദമായ വ്യവസ്ഥകൾ ഉൾക്കൊളളിച്ച കരാർ ഒപ്പു വെയ്ക്കേണ്ടതും നിശ്ചിത തീയതി മുതൽ ജോലികൾ ആരംഭിക്കേണ്ടതുമാണ്.

9) കാലാവധി കരാർ തീയതി മുതൽ ഒരു വർഷത്തേയ്ക്കായിരിക്കുമെങ്കിലും. ആദ്യം രണ്ട് മാസത്തെ സേവനം തൃപ്തികരമാണെങ്കിൽ മാത്രമെ ഒരു വർഷത്തേയ്ക്ക് കരാർ നല്കു. ഒരു വർഷത്തെ പ്രവർത്തനം തൃപ്തികരമായാൽ കരാർ നീട്ടി നല്കുന്നതായിരിക്കും. ഇക്കാലയളവിൽ ഏജൻസിയുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കണ്ടാൽ ഒരു മാസം മുമ്പ് നോട്ടീസ് നൽകി സേവനം അവസാനിപ്പിക്കുന്നതാണ്. എന്നാൽ അടിയന്തിര സാഹചര്യത്തിൽ നോട്ടീസ് ഒരാഴ്ചയായി ചുരുക്കാൻ മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കുന്നതുമാണ്. ഒരു മാസം മുമ്പ് നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കാൻ ഏജൻസിയ്ക്കും അവകാശമുണ്ടായിരിക്കും.

10) കാടുകൾ നീക്കം ചെയ്ത് പൂന്തോട്ട പരിപാലന ജോലികൾ തൃപ്തികരമായി ചെയ്തുവെന്ന് ഉറപ്പാക്കിയ ശേഷം ഓരോ മാസത്തേയും കരാർ തുക അടുത്ത മാസം പത്താം തീയതിയോടെ ഓഫീസിൽ നിന്നും നൽകുന്നതാണ്.

11) ഏതൊരു ടെണ്ടറും കാരണമൊന്നും കാണിക്കാതെ നിരസിക്കുന്നതിനും ടെണ്ടർ നടപടികൾ പൂർണ്ണമായും നിറുത്തി വെയ്ക്കുന്നതിനും സ്റ്റുഡിയോ മാനേജർക്ക് അധികാരമുണ്ടായിരിക്കും.

12) ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന തർക്കങ്ങളിൽ സ്റ്റുഡിയോ മാനേജരുടെ തീരുമാനം അന്തിമായിരിക്കുന്നതാണ്.

13) തൊഴിലാളികൾ, ഉപയോഗിക്കുന്ന വളം, കീടനാശിനി, കുമിൾനാശിനി, കള നാശിനി, ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ മററ് സാധനങ്ങൾ എന്നിവ സംബ ന്ധിച്ച് സമ്പൂർണ്ണ വിവരണം ടെണ്ടറിനോടൊപ്പം സമർപ്പിക്കണം.

14) ചെക്ക് ലിസ്റ്റ്

കവർ ഒന്ന് (ടെക്നിക്കൽ ബിഡ്)

1) യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ.ഇപ്പോൾ സേവനം നല്കി കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ.
2) ഇ.എസ്.ഐ.സി, പി.എഫ്, ലേബർ രജിസ്ട്രേഷൻ പകർപ്പുകൾ, അവസാന മാസം ഇ.എസ്.ഐ.സി,, പി.എഫ് വിഹിതം അടച്ചതിന്റെ രേഖകളും.
3) പേ റോളിലുള്ള ജീവനക്കാരുടെ പട്ടിക.
4) പാൻകാർഡ്, ജി.എസ്.ററി, ലേബർ രജിസ്ട്രേഷൻ എന്നിവയുടെ പകർപ്പ്.
5) ടെണ്ടർ ഫോറത്തിന്റെ വിലയുടെ രസീത്/ഡി.ഡി.
6) നിരതദ്രവ്യം അടച്ചതിന്റെ രസീത്/ഡി.ഡി.

കവർ രണ്ട്: ടെണ്ടർ ഫോറം (ഓഫർ ചെയ്യുന്ന തുക)

കവറിന് മുകളിൽ ഒന്ന് (ടെക്നിക്കൽ ബിഡ്), രണ്ട്: ടെണ്ടർ ഫോറം (ഓഫർ ചെയ്യുന്ന തുക) എന്ന് വ്യക്തമായി രേഖപ്പെടുത്തി കവർ ഒന്നും രണ്ടും പ്രത്യേകം മുദ്ര വെച്ച് സീൽ ചെയ്ത് ഒരു കവറിലാക്കി **"കാടുകൾ നീക്കം ചെയ്ത് പൂന്തോട്ട പരിപാലന ടെണ്ടർ"**_എന്ന് വ്യക്തമായി രേഖപ്പെടുത്തി **സ്റ്റുഡിയോ മാനേജർ, ചിത്രാഞ്ജലി സ്റ്റുഡിയോ, തിരുവല്ലം, തിരുവനന്തപുരം എന്ന വിലാസത്തിൽ 15-03-19 ന് ഉച്ചയ്ക്ക് രണ്ട് മണിയ്ക്ക് മുമ്പായി സമർപ്പിയ്ക്കണം.** കവർ ഒന്ന് തുറന്ന് യോഗ്യതയുള്ളവരുടെ മാത്രമെ കവർ രണ്ട് (ടെണ്ടർ ഫോറം) തുറന്ന് പരിശോധിക്കുകയുള്ളൂ.

15) ടെണ്ടർ സ്ഥിരപ്പെടുത്തി കിട്ടുന്നയാളുടെ നിരതദ്രവ്യമായി അടച്ച തുക സെക്യൂരിററി ഡെപ്പോസിററായി മാററുന്നതും, കരാർ കാലാവധി തൃപ്തികര മായി പൂർത്തീകരിച്ചാൽ പലിശരഹിതമായി തിരികെ നൽകുന്നതുമാണ്.

16) കാലാവധിയ്ക്കുള്ളിൽ കരാറുകാരൻ സ്വമേധയയോ, ജോലികൾ തൃപ്തികരമല്ലാത്തതിനാലോ കരാർ അവസാനിപ്പിച്ചാൽ സെക്യൂരിററി ഡെപ്പോസിററായി അടച്ച തുക തിരികെ നൽകുന്നതല്ല.

17) ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിന്നും ടെണ്ടർ ഫോറം 500 + ജി.എസ്.ടി ....... രൂപ നിരക്കിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ **10** മണി മുതൽ വൈകിട്ട് **05** മണി വരെയും, **15/3/19-ാം** തീയതി ഉച്ചയ്ക്ക് ഒരു മണി വരെയും വാങ്ങാവുന്നതാണ്. ടെണ്ടർ ഫോറം **wwwksfdc.in** എന്ന വെബ്സൈററിൽ നിന്നും ലഭിക്കുന്നതാണ്. ഈ അവസരത്തിൽ ഫോറത്തിന്റെ വില ഡി.ഡി/രസീത് ആയി പ്രത്യേകം സമർപ്പിയ്ക്കേണ്ടതാണ്.

<u>ചിത്രാഞ്ജലി സ്റ്റുഡിയോയിലെ കാട് നീക്കം ചെയ്ത് വാർഷികപൂന്തോട്ട പരിചരണം നടത്തുന്നതിന് കരാറുകാരൻ ചെയ്യേണ്ട ജോലികളും വ്യവസ്ഥകളും നിബന്ധനകളും :</u>

1) കരാർ ലഭിക്കുന്ന ഏജൻസി ദിവസേന ചെയ്യുന്ന പരിചരണ പദ്ധതി, ആഴ്ചയിൽ ചെയ്യുന്നവ, രണ്ട് ആഴ്ചയിൽ ചെയ്യുന്നവ, മാസത്തിൽ ചെയ്യുന്നവ, വാർഷികമായി ചെയ്യുന്നവ എന്നിങ്ങനെ പ്രത്യേകം തയ്യാറാക്കി ബന്ധപ്പെട്ടവരുടെ അനുമതി വാങ്ങേണ്ടതും അതനുസരിച്ച് കൃത്യമായി പരിചരണം ചെയ്യേണ്ടതുമാണ്.

2) പൂന്തോട്ട സംരക്ഷണത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള ജോലിക്കാർ ആഴ്ചയിൽ 6 ദിവസം (തിങ്കൾ മുതൽ ശനി) സ്റ്റുഡിയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണം രാവിലെ **8.30** മണി മുതൽ **4.30** മണി വരെ ജോലി ചെയ്യേണ്ടതുമാണ്. രാവിലെ 8 മണിക്ക് മുമ്പായി കെയർ ടേക്കർ/ഗാർഡൻ സൂപ്പർവൈസർ മുമ്പാകെ ഹാജരാകേണ്ടതും നിർദ്ദേശാനുസരണം ജോലി ചെയ്യേുണ്ടതുമാണ്. ഏതെങ്കിലും അടിയന്തിര സാഹചര്യങ്ങളിൽ ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ആവശ്യത്തിന് തൊഴിലാളികളെ ലഭ്യമാക്കേണ്ടതാണ്.

3) കരാർ ലഭിക്കുന്ന ഏജൻസി ജോലി ചെയ്യുന്നതിന് ആവശ്യമായ ആയുധങ്ങൾ, ഉപകരണങ്ങൾ, ഹോസ് പൈപ്പ്, മണൽ, സ്പെയർ, സ്പ്രിംഗളർ, ഗുണനിലവാരമുള്ള ജൈവ വളം, ജൈവ കീടനാശിനി, കുമിൾ നാശിനി, കളനാശിനി, നഴ്സറി ബാഗുകൾ, വളർച്ച ഹോർമോണുകൾ എന്നിവ പൂന്തോട്ടത്തിന്റെ വൃത്തിക്കും ചെടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്കും ശാസ്ത്രീയമായ അളവിലും അനുപാതത്തിലും ലഭ്യമാക്കേണ്ടതും ആവശ്യമുള്ളവ സമയാസമയങ്ങളിൽ ഉപയോഗിക്കേണ്ടതുമാണ്.

4) ഫിലാന്തസ്, ക്രോട്ടൻസ്, ബൊഗൈയിൻ വില്ല തുടങ്ങിയ ചെടികൾ നിർദ്ദേശിക്കുന്ന ആകൃതിയിൽ വെട്ടി വൃത്തിയാക്കി ഭംഗിയായി സംരക്ഷിക്കുന്നതും പുൽത്തകിടിയിലെ പുല്ലുകൾ, കളകൾ നീക്കം ചെയ്ത് യന്ത്രം ഉപയോഗിച്ച് വെട്ടി ഭംഗിയായി സംരക്ഷി

ക്കുകയും മുഴുവൻ ചെടികൾക്കും കൃത്യമായ സമയത്ത് ജലസേചനം, വളപ്രയോഗം, കുമിൾ നാശിനികളുടെ പ്രയോഗം എന്നിവ ശാസ്ത്രീയമായി അളവിലും അനുപാത ത്തിലും ചെയ്യേണ്ടതുമാണ്.

5) നിലവിലുള്ള പഴകിയതും കേടുപാടുകൾ സംഭവിച്ചതും ഉണങ്ങിയതുമായ ചെടി കൾക്ക് പകരം പുതിയ ചെടികൾ നഴ്സറിയിൽ തയ്യാറാക്കി ഗാർഡനിൽ നട്ടു വളർ ത്തണം.

6) നഴ്സറിയിലും ഗാർഡൻ പരിസരത്തും ഉപയോഗിക്കാതെ കിടക്കുന്ന ചെടിച്ചട്ടികൾ ചായം പൂശി വൃത്തിയാക്കി പുതിയ മിശ്രിതം നിറച്ച് ചെടികൾ നട്ടു പിടിപ്പിച്ച് ഭംഗി യായി വെയ്ക്കുന്നതാണ്.

7) പൂന്തോട്ട പരിപാലന ജോലികൾക്ക് മേൽ നോട്ടം വഹിക്കുന്നതിന് അക്കാദമിക് യോഗ്യതയും നൂതന സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ളതും, ശാസ്ത്രീയമായി പൂന്തോട്ട നിർമ്മാണ പരിപാലനത്തിൽ അറിവുള്ളതുമായ ആളിന്റെ സാങ്കേതിക സഹായം ലഭ്യമാക്കേണ്ടതുമാണ്.

8) ജോലികൾ ആരംഭിക്കുന്ന സമയത്ത് ആവശ്യത്തിന് തൊഴിലാളികളുടെ സേവനവും പിന്നീട് പരിപാലനത്തിന് ഏററവും കുറഞ്ഞത് **5** തൊഴിലാളികളുടെ സേവനവും ലഭ്യ മാക്കേണ്ടതുമാണ്.

9) ചെടികൾക്ക് എല്ലാ ദിവസവും ജലസേചനം നടത്തേണ്ടതും ആവശ്യമായ ജലം, ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതി എന്നിവ സ്റ്റുഡിയോ നൽകുന്നതും ജലദൗർലഭ്യം ഉണ്ടാകുന്ന സാഹചര്യത്തിൽ കരാറുകാരൻ ടാങ്കറിൽ ജലം എത്തിച്ച് ജലസേചനം നടത്തേണ്ടതും ഇതിനായി ചെലവാക്കുന്ന തുക സ്റ്റുഡി യോ വഹിക്കുന്നതുമാണ്.

10) പൂന്തോട്ടത്തിന് കരാർ ഏജൻസിയുടെയോ തൊഴിലാളികളുടെയോ അശ്രദ്ധ മൂലം എന്തെങ്കിലും കേടുപാടുകൾ സംഭവിക്കുകയോ നശിക്കുകയോ ചെയ്താൽ നഷ്ടപരിഹാരം കരാർ ഏജൻസിയിൽ നിന്നും ഈടാക്കുന്നതിന് കെ.**എസ്.**എഫ്. ഡി.സി.ക്ക് അധികാരമുണ്ടായിരിക്കും. സ്ഥാപനത്തിന്റെ പ്രവർത്തനത്തിനും സൽപേരിനും യോജിക്കാത്ത രീതിയിൽ പ്രവർത്തിക്കുകയോ ചെയ്താൽ കരാർ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ എടുക്കുന്നതാണ്.

11) കരാർ ലഭിക്കുന്ന ഏജൻസി കാട് നീക്കി പുന്തോട്ടപരിപാല ജോലികൾ തൃപ്തിക രമായി ചെയ്തുവെന്ന് ഉറപ്പാക്കിയശേഷം ഓരോ മാസത്തേയും കരാർ തുക അടുത്ത മാസം പത്താം തീയതിയോടെ ഓഫീസിൽ നിന്നും നൽകുന്നതാണ്

<u>കാടുകൾ നീക്കം ചെയ്ത് പൂന്തോട്ടം നവീകരിക്കേണ്ട പ്രധാനപ്പെട്ട ഭാഗങ്ങൾ:</u>

(1) <u>മെയിൻ ഗേററ് മുതൽ ഷൂട്ടിംഗ് ഫ്ളോർ വരെ</u>.

ടെക്നിക്കൽ ഏരിയായിലെ ഓഫീസ് പരിസരം, നഴ്സറി എന്നിവിടങ്ങൾ ആദ്യ ഘട്ടത്തിൽ നവീകരിക്കണം. ഒരു നിശ്ചിത സ്ഥലത്ത് ഷൂട്ടിംഗിന് ഉപയോഗപ്രദമായ രീതി യിൽ പൂന്തോട്ടം തയ്യാറാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി നിലവിലുള്ള ചെടികളെ പരിപാലിക്കുകയും ചെടിച്ചട്ടികൾ ഭംഗിയായി ക്രമീകരിക്കുകയും ചെയ്യണം.

റിക്കോർഡിംഗ് തീയേററിന് മുൻവശത്തുള്ള ആൽമരച്ചുവട് സിനിമ, സീരിയൽ ഷൂട്ടിംഗിന് ഉപയോഗിക്കുന്നവിധത്തിൽ നിലവാരം ഉയർത്തുന്നതിനുള്ള രൂപരേഖ തയ്യാ റാക്കി ചെടികൾ നട്ടു വളർത്തി പരിപാലിക്കണം.

റോഡിന് ഇരുവശത്തും വളർന്ന് റോഡിലേക്ക് നിൽക്കുന്ന കാടുകൾ വെട്ടി വൃത്തിയാക്കണം. റോഡിന് ഇരുവശത്തും നട്ടു പിടിപ്പിച്ചിട്ടുള്ള ക്രോട്ടൻസ്, ബോഗൻ വില്ല എന്നിവ ഭംഗിയായി വെട്ടി സംരക്ഷിയ്ക്കണം. ഉണങ്ങിയതും കാലപ്പഴക്കം ചെന്ന തുമായ ചെടികൾക്ക് പകരം ചെടികൾ തയ്യാറാക്കി നട്ടു വളർത്തണം. ആവശ്യത്തിന് വളവും ജലവും നൽകണം.

(2) <u>പബ്ളിസിററി ബോർഡ്, മാലാഖയുടെ ശില്പം, ഓഫീസിന് മുന്നിലെ കൊടിമര ചുവട്</u>.

ഈ ഭാഗത്തെ പുൽത്തകിടി കളകൾ നീക്കം ചെയ്ത് ഭംഗിയായി വെട്ടി വൃത്തി യാക്കി വളവും വെള്ളവും നൽകി സംരക്ഷിക്കണം.

(3) <u>ഓഫീസ് മുതൽ ലാൻഡ്സ്കേപ്പ് വരെ</u>.

റോഡിന് ഇരുവശത്തും ഷൂട്ടിംഗിന് തടസ്സമായി നിൽക്കുന്ന കാടുകൾ നീക്കം ചെയ്ത് നിലവിലുള്ള ചെടികൾ സംരക്ഷിക്കണം. ലാൻഡ്സ്കേപ്പിലെ പുൽത്തകിടി കള കൾ നീക്കം ചെയ്ത് ഭംഗിയായി വെട്ടി വൃത്തിയാക്കി വളവും വെള്ളവും ആവശ്യ ത്തിന് നൽകി സംരക്ഷിക്കണം. ഇവിടത്തെ കുളം വൃത്തിയാക്കി ജലസേചനത്തിന് യോഗ്യമാക്കി ഉപയോഗിക്കണം. ലാൻഡ്സ്കേപ്പിൽ ഷൂട്ടിംഗിന് തടസ്സമായി നിൽക്കുന്ന ചരിഞ്ഞ ഭാഗത്തെ കൂടാരത്തിന് ചുററുമുള്ള കാടുകൾ നീക്കം ചെയ്യണം. ഇവിടുത്തെ പാർക്കിലെ ചെടികൾ കാടുകൾ നീക്കം ചെയ്ത് സംരക്ഷിക്കണം. നിലവിലുള്ള പഴ കിയ ചെടികൾ; ഉണങ്ങിയ ചെടികൾ എന്നിവയ്ക്ക് പകരം ചെടികൾ നട്ടു വളർത്തി സംരക്ഷിക്കണം.

(4) ഓഫീസ് മുതൽ ക്ഷേത്രം വരെ.

റോഡിന് ഇരുവശത്തും ഷൂട്ടിംഗിന് തടസ്സമായി നിൽക്കുന്ന കാടുകൾ നീക്കം ചെയ്ത് നിലവിലുള്ള ചെടികൾ സംരക്ഷിക്കണം. മേക്കപ്പ് റൂമിന്റെ പരിസരത്തെ കാടുകൾ വെട്ടി വൃത്തിയാക്കണം. ചെടികൾ നട്ടു വളർത്തി പരിപാലിക്കണം.

(5) ഓഫീസ് പരിസരവും റിക്കോർഡിംഗ് തിയേററർ പരിസരവും ഓഫീസിന് മുൻഭാഗവും (ടെക്നിക്കൽ ഏരിയ).

ഈ ഭാഗങ്ങളിലെ കാടുകൾ ക്രമമായി നീക്കം ചെയ്യണം. പുല്ലുകൾ വളരുന്നതനുസരിച്ച് യന്ത്രം ഉപയോഗിച്ച് വെട്ടി വൃത്തിയാക്കണം. ഈ ഭാഗത്തെ ഫിലാന്തോസ്, ക്രോട്ടൻസ് എന്നിവ ഭംഗിയായ ആകൃതിയിൽ വെട്ടി സംരക്ഷിക്കണം.. ചെടികൾക്ക് ആവശ്യത്തിന് വളവും വെള്ളവുമം നൽകി സംരക്ഷിക്കണം.

(6) ഷൂട്ടിംഗ് ഫ്ളോറിന് മുൻവശവും പുറക് വശവും. (ടെക്നിക്കൽ ഏരിയ).

ഈ ഭാഗത്തെ കാടുകൾ ക്രമമായി നീക്കം ചെയ്യണം. പുല്ലുകൾ യന്ത്രം ഉപയോഗിച്ച് വെട്ടി വൃത്തിയാക്കണം. ഈ ഭാഗത്തെ ഫിലാന്തോസ്, ക്രോട്ടൻസ്, മററ് ചെടികൾ എന്നിവ ഭംഗിയായി വെട്ടി ആവശ്യത്തിന് വളവും വെള്ളവും നൽകി സംരക്ഷിക്കണം.

(7) ഷൂട്ടിംഗ് ഫ്ളോർ മുതൽ ഡി.ഐ (എഫ്.ററി.ഐ.കെ.) ബിൽഡിംഗ് ഭാഗങ്ങൾ.

ഡി.ഐ കെട്ടിടത്തിനു മുന്നിൽ ഭംഗിയായി ചെടികൾ നട്ടുവളർത്തി പരിപാലിക്കണം. ഈ ഭാഗത്തെ റോഡിന് ഇരുവശത്തും ഷൂട്ടിംഗിന് തടസ്സമായി നിൽക്കുന്ന കാടുകൾ നീക്കം ചെയ്ത് ചെടികൾ നട്ട് ഭംഗിയായി സംരക്ഷിക്കണം. ടി കെട്ടിടത്തിനു ചുററും നാല് മീററർ വീതിയിൽ കാടുകൾ വളരാൻ അനുവദിയ്ക്കരുത്. ക്യാന്റീന് മുന്നിലെ കുളം വൃത്തിയായി സംരക്ഷിക്കണം.

(8) ലാബ് ബിൽഡിംഗ് മുൻവശവും പുറക് വശവും. (ടെക്നിക്കൽ ഏരിയ)

ഈ ഭാഗത്തെ ഫിലാന്തോസ്, ക്രോട്ടൻസ് എന്നിവ ഭംഗിയായ ആകൃതിയിൽ വെട്ടി സംരക്ഷിക്കണം. പുല്ലുകൾ വളരുന്നതനുസരിച്ച് വെട്ടി വൃത്തിയാക്കണം. കെട്ടിടത്തിന് ചുററുമുള്ള കാടുകൾ ക്രമമായി വെട്ടി വൃത്തിയാക്കണം. ക്യാന്റീൻ ഭാഗം ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ എന്നിവിടങ്ങളിലെ കാടുകൾ വെട്ടി വൃത്തിയാക്കി ചെടികൾ നട്ട് സംരക്ഷിക്കണം. ക്യാന്റീൻ കെട്ടിടത്തിനുള്ളിലെ കുളം വൃത്തിയായി സംരക്ഷിക്കണം. ഈ ഭാഗത്ത് ചെടികൾ ഭംഗിയായി വയ്ക്കണം.

(9) തെററി തോട്ടം – പഴകിയ ചെടികൾ മാററി പുതിയ തെററി ചെടികൾ നെഴ്സറിയിൽ നിർമ്മിച്ച് നട്ടു വളർത്തി ആവശ്യത്തിന് ജലം, വളം എന്നിവ നൽകി പരിപാലിക്കണം.

(10) <u>നെഴ്സറി</u> – ഈ ഭാഗത്തെ പുൽത്തകിടി കളകൾ നീക്കം ചെയ്ത് ഭംഗിയായി വെട്ടി വൃത്തിയാക്കി ഷൂട്ടിംഗിന് അനുയോജ്യമാക്കണം. ആവശ്യത്തിന് തൈകൾ നഴ്സറിയിൽ ഉൽപാദിപ്പിച്ച് ആവശ്യാനുസരണം കരാർ പ്രകാരമുള്ള സ്ഥലങ്ങളിൽ നട്ടു വളർത്തി പരിപാലിക്കണം. കാടുകൾ നീക്കം ചെയ്ത് ഷൂട്ടിംഗിന് അനുയോജ്യമായ തരത്തിൽ സംരക്ഷിക്കണം.

**ഒപ്പ്**
**സ്റ്റുഡിയോ മാനേജർ i/c.**

# <u>ചിത്രാഞ്ജലി സ്റ്റുഡിയോ, തിരുവല്ലം</u>
## <u>ഫോൺ: 2381450, 2381451, 2391452</u>

നം:13/സി.എസ്/എസ്റ്റേററ്/2019 01/03/2019

**<u>ടെണ്ടർ ഷെഡ്യൂൾ</u>**

| | | |
|---|---|---|
| 1) ടെണ്ടർ ക്ഷണിയ്ക്കുന്നത് | : | ചിത്രാഞ്ജലി സ്റ്റുഡിയോയിലെ കാടുകൾ നീക്കം ചെയ്ത് പൂന്തോട്ട പരിപാലന ജോലികൾ |
| * | | |
| 2) ടെണ്ടർ ഫോറത്തിന്റെ വില | : | 500/- രൂപ |
| 3) നിരതദ്രവ്യം | : | **10,000/- രൂപ** |
| 4) കരാർ കാലാവധി | : | കരാർ തീയതി മുതൽ ഒരു വർഷക്കാലം |
| 5) ടെണ്ടർ ഫോം വിൽക്കുന്ന അവസാന തീയതി, സമയം | : | **15/03/2019 ഉച്ചയ്ക്ക് 01 മണി വരെ** |
| 6) ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തീയതി, സമയം | : | **15./03/2019 ഉച്ചയ്ക്ക് 02 മണി വരെ** |
| 7) ടെണ്ടർ തുറക്കുന്ന തീയതി, സമയം | : | **15/03/2019 ഉച്ചയ്ക്ക് 03 മണി** |
| 8) ടെണ്ടറുകൾ സമർപ്പിക്കേണ്ട മേൽ വിലാസം | : | **സ്റ്റുഡിയോ മാനേജർ, ചിത്രാഞ്ജലി സ്റ്റുഡിയോ, തിരുവല്ലം, തിരുവനന്തപുരം-27.** |

**ഒപ്പ്**
**സ്റ്റുഡിയോ മാനേജർ i/c.**

* ടെണ്ടർ ഫോം വെബ്സൈററായ **www.ksfdc.in** ൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. അത്തരം അവസരത്തിൽ ടെണ്ടർ ഫോറത്തിന്റെ വില കെ.**എസ്**.എഫ്.ഡി.സി.യുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ രസീത് ആയി സമർപ്പിക്കണം.

## ചിത്രാഞ്ജലി സ്റ്റുഡിയോ
## കാടുകൾ നീക്കം ചെയ്ത് പൂന്തോട്ട പരിപാലന ജോലികൾ
## ടെണ്ടർ ഫോം

| | | |
|---|---|---|
| 1) | ഏജൻസിയുടെ/സ്ഥാപനത്തിന്റെ പൂർണ്ണമായ പേരും മേൽ വിലാസവും | : |
| 2) | ടെലഫോൺനമ്പർ/മൊബൈൽ നമ്പർ | : |
| 3) | ടെണ്ടർ ഫോറത്തിന്റെ വില അടച്ചതിന്റെ വിശദാംശം | 500/- രൂപ<br>: രസീത്/ഡി.ഡി നമ്പർ ...........<br>തീയതി: ............ |
| 4) | നിരതദ്രവ്യം അടച്ചതിന്റെ വിശദാംശം | : 10,000/-<br>രസീത്/ഡി.ഡി നമ്പർ ...........<br>തീയതി: ............ |
| 5) | ഇ.പി.എഫ്, ഇ.എസ്.ഐ<br>ലേബർ ഓഫീസ് രജിസ്ട്രേഷൻ<br>നമ്പർ, തീയതി<br>(സാക്ഷ്യപ്പത്രത്തിന്റെ പകർപ്പ് അടക്കം ചെയ്യുക) | : **1) ............................**<br>2) ...........................<br>3) ........................... |
| | ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ, തീയതി<br>(സാക്ഷ്യപ്പത്രത്തിന്റെ പകർപ്പ് അടക്കം ചെയ്യുക) | 1) ........................... |
| 6) | കാടുകൾ നീക്കം ചെയ്യൽ, പൂന്തോട്ടം, നെഴ്സറി പരിപാലനം എന്നിവയിൽ പരിചയ സമ്പന്നരായ എത്ര തൊഴിലാളികൾ ഉണ്ട് | : |
| 7) | സൂക്ഷ്മ ജലസേചനം ലഭ്യാകുന്നതിനുള്ള ഉപകരണങ്ങൾ/സംവിധാനം സംബന്ധിച്ച വിശദാംശം. | : |
| 8) | ഉപയോഗിക്കുന്ന വളം, കുമിൾ നാശിനി, കീടനാശിനി, കളനാശിനി, യന്ത്രസാമഗ്രികൾ എന്നിവയുടെ പേര് വിവരങ്ങൾ | : |
| 9) | കാടുകൾ നീക്കം ചെയ്ത് പൂന്തോട്ട പരിപാലനത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ സംബന്ധിച്ച വിശദാംശം | : |

**(മറുപുറം)**

10) ജലദൗർലഭ്യമുള്ള സമയങ്ങളിൽ ടാങ്കറിൽ വെള്ളം എത്തിയ്ക്കാൻ തയ്യാറാണോ :

11) പ്രവർത്തി പരിചയത്തിന്റെ വിശദാംശം (സാക്ഷ്യപ്പത്രത്തിന്റെ പകർപ്പ് അടക്കം ചെയ്യുക) :

**12)** ഇപ്പോൾ പൂന്തോട്ട പരിപാലന ജോലികൾ ഏറ്റെടുത്ത് നടത്തുന്ന സ്ഥാപനത്തിന്റെ വിശദാംശം (സാക്ഷ്യപ്പത്രത്തിന്റെ പകർപ്പ് അടക്കം ചെയ്യുക) :

**1**3) ആവശ്യപ്പെടുന്ന പ്രതിമാസ കരാർ തുക തൊഴിലാളികളുടെ വേതനം, നികുതി അടക്കം

വളം, കുമിൾ നാശിനി, കീടനാശിനി, കള നാശിനി, യന്ത്രസാമഗ്രികൾ, എന്നിവയുടെ ആകെ തുക (അക്കത്തിലും അക്ഷരത്തിലും)

..................................
(അക്ഷരത്തിൽ)
......................................

......................................

സ്റ്റുഡിയോ സന്ദർശിച്ച് ജോലികളുടെ സ്വഭാവം, ടെണ്ടർ വ്യവസ്ഥകൾ എന്നിവ മനസ്സിലാക്കി, കരാർ കാലാവധിയ്ക്കുള്ളിൽ ജോലികൾ ഭംഗിയായി നിർവഹിച്ചു കൊള്ളാമെന്നും മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും സാക്ഷ്യപ്പെടുത്തുന്നു. അവ പൂർണ്ണമായി പാലിച്ചു കൊള്ളാമെന്ന് സമ്മതിച്ചു കൊള്ളുന്നു.

ഒപ്പ്:
തീയതി: പേര്:
മേൽവിലാസം:

* ആവശ്യമെങ്കിൽ പ്രത്യേകം പേപ്പറിൽ ഈ വിവരങ്ങൾ നൽകാം.